NO.152 JUNE 1999

# KERALA PRIVATE COLLEGE TEACHER

THE ALL KERALA PRIVATE COLLEGE TEACHERS' ASSOCIATION



പ്രൊഫ. എസ്. സുധീഷിനെ മുൻകാല പ്രാബല്യത്തോടെ സർവീസിൽ തിരിച്ചെടുക്കാൻ യൂണിവേഴ്സിറ്റി അപ്പലേറ്റ് ട്രൈബ്യൂണൽ വിധിച്ചിരിക്കുന്നു. ത്യാഗോജ്വലമായ പോരാട്ടങ്ങളിലൂടെ എ.കെ.പി.സി.ടി.എ നേടിയെടുത്ത 'യൂണിവേഴ്സിറ്റി ആക്ടി'ലെ, സ്വകാര്യ കോളജ് അധ്യാപകന് 'നിയമാധിഷ്ഠിത സേവനഭദ്രത' ഉറപ്പുവരുത്തുന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് പ്രൊഫ. സുധീഷിനെതിരെയെടുത്ത നടപടികൾ റദ്ദുചെയ്യപ്പെട്ടിരിക്കുന്നത്.

എസ്.എൻ. ട്രസ്റ്റ് മാനേജ്മെന്റിനോട് എ.കെ.പി.സി.ടി.എ ആവശ്യപ്പെടുന്നു.

**കോടതി വിധി ഉടൻ നടപ്പിലാക്കുക. പ്രൊഫ. എസ്. സുധീഷിനെ സർവീസിൽ തിരിച്ചെടുക്കുക.**



# കേരളാ യൂണിവേഴ്സിറ്റി സെനറ്റ് തെരഞ്ഞെടുപ്പ്

## എ.കെ.പി.സി.ടി.എ.യുടെ അംഗബലം സെനറ്റിൽ വർദ്ധിപ്പിക്കുക

കേരള യൂണിവേഴ്സിറ്റി സെനറ്റിലേക്ക് അദ്ധ്യാപക മണ്ഡലത്തിൽനിന്നുള്ള തെരഞ്ഞെടുപ്പ് വരുന്ന ആഗസ്റ്റ് 17 നാണ്. മൊത്തം 16 സീറ്റിലേക്കാണ് മത്സരം. കഴിഞ്ഞതവണ എ.കെ.പി.സി.ടി.എ. ക്ക് 10 പേരെ വിജയിപ്പിക്കാൻ കഴിഞ്ഞു. ഇത്തവണ അതു വർദ്ധിപ്പിക്കണം. അദ്ധ്യാപകർക്കുവേണ്ടി നിലകൊള്ളാൻ ഇന്ന് എ.കെ.പി.സി.ടി.എ. മാത്രമേ ഉള്ളൂ. മറ്റു സംഘടനകൾ മാനേജുമെന്റിന്റെ താല്പര്യങ്ങളാണ് സെനറ്റിൽ സംരക്ഷിക്കുന്നത്. ഇൻട്രാ യൂണിവേഴ്സിറ്റി ട്രാൻസ്ഫർ നോംസ് ആദ്യം സിന്റിക്കേറ്റിൽ പരാജയപ്പെട്ടത് ഒരു അദ്ധ്യാപക സംഘടനാ നേതാവിന്റെ ഒറ്റ വോട്ടുകൊണ്ടാണ്. ഏറ്റവുമൊടുവിൽ സ്ക്രീനിങ് കമ്മറ്റി മാനേജരല്ല സർവ്വകലാശാലയാണ് രുപീകരിക്കേണ്ടതെന്ന നിയമഭേദഗതി വോട്ടിനിട്ട് തോല്പിക്കാൻ മാനേജരോടൊപ്പം മറ്റു സംഘടനകളും നിർലജ്ജം നിൽക്കുകയായിരുന്നു. അധ്യാപകർക്കിന്നുള്ള നിയമപരിരക്ഷയെല്ലാം എ.കെ.പി.സി.ടി.എ. പ്രതിനിധികൾ സെനറ്റിലും സിന്റിക്കേറ്റിലും പോരടിച്ചുനേടിയതാണ്. സ്ഥലംമാറ്റ നിയമംതന്നെ നോക്കുക. അധ്യാപകർ ചോദിക്കുന്നിടത്തേക്ക് സ്ഥലംമാറ്റാൻ മാനേജർ ഇന്ന് ബാദ്ധ്യസ്ഥനാണ്. ഗവൺമെന്റ് കോളേജുകളിൽ പോലും ഇല്ലാത്ത ഈ നിയമം സെനറ്റിൽ പാസക്കിയെടുക്കാൻ നമുക്ക് കഴിഞ്ഞു. അധ്യാപകരുടെ സേവന സ്ഥിരത സംബന്ധിച്ച നിയമം നമ്മുടെ 'മാഗ്നാകാർട്ട' എന്നാണു വിശേഷിപ്പിക്കപ്പെടുന്നത്. ഇതെല്ലാം നിലനിർത്താനും സംരക്ഷിക്കാനും എ.കെ.പി.സി.ടി.എ. പ്രതിനിധികൾ ജയിച്ചു വരണം. അതിനായി സംഘടനാംഗങ്ങളും അല്ലാത്തവരുമായ എല്ലാ അദ്ധ്യാപകരുടെയും സഹായം എ.കെ.പി.സി.ടി.എ.ക്ക് ഉണ്ടാകണം. അംഗബലമില്ലാത്ത കടലാസ്സു സംഘടനകളും ഒറ്റയാൻ വാദക്കാരുമൊക്കെ തെരഞ്ഞെടുപ്പടുക്കുമ്പോൾ പ്രത്യക്ഷപ്പെടും. ഇവർ എന്തുനേട്ടമാണ് അദ്ധ്യാപകസമൂഹത്തിന് നൽകിയതെന്നു തിരിച്ചുചോദിക്കാൻ നമുക്കു കഴിയണം. മാനേജരുടെ പ്രതിനിധിയെ സെനറ്റിലും സിന്റിക്കേറ്റിലും ജയിപ്പിച്ചെടുക്കാൻ ഇടനില ക്കാരായി പ്രത്യക്ഷപ്പെടുന്നവരേയും സൂക്ഷിക്കണം. എ.കെ.പി.സി.ടി.എ. അധ്യാപക താല്പര്യത്തിനായി നിരന്തരം നടത്തുന്ന പോരാട്ടങ്ങൾക്കു ശക്തിപകരാൻ ഈ സെനറ്റ് തെരഞ്ഞെടുപ്പിലെ വിജയം നമുക്കു സഹായകമാകും. അതു കണ്ടറിഞ്ഞു പ്രവർത്തിക്കാൻ എല്ലാ അംഗങ്ങളും രംഗത്തുവരണമെന്നഭ്യർത്ഥിക്കുന്നു.



## ആദരാഞ്ജലികൾ

കോട്ടയം സി.എം. എസ്. കോളജ് ഫിസിക്സ് വിഭാഗം അധ്യാപകനും എ.കെ.പി.സി.ടി.എ പ്രവർത്തകസമിതി അംഗവും കോട്ടയം- ഇടുക്കി മേഖലാ മുൻസെക്രട്ടറിയും മഹാത്മാഗാന്ധി സർവകലാശാല സിൻഡിക്കേറ്റ് അംഗവുമായിരുന്ന പ്രൊഫ. മോഹൻകുര്യൻ നിര്യാതനായി. കോട്ടയം മേഖലയിൽ സംഘടനയ്ക്കു ഊർജസ്വ ലമായ നേതൃത്വം നൽകിയ പ്രൊഫ. മോഹൻ കുര്യൻ സാമുഹ്യ-രാഷ്ട്രീയ മണ്ഡലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച ആളായിരുന്നു. പ്രൊഫ. മോഹൻകുര്യൻ സംഘടനയ്ക്കു നൽകിയ വിലപ്പെട്ട സംഭാവനകൾ മാതൃകാപരമായിരുന്നു. പ്രിയ സുഹൃത്തിന്റെ, സഹപ്രവർത്തകന്റെ ദീപ്തസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

Office Copy

# എഡിറ്റോറിയൽ

## യു. ജി. സി. ശമ്പള പരിഷ്കാരം നടപ്പിലാക്കുക

കഴിഞ്ഞവർഷം അഖിലേന്ത്യാ വ്യാപകമായി നടന്ന ഐതിഹാസിക സമരത്തിന്റെ ഒടുവിൽ ഉണ്ടായ ഒത്തു തീർപ്പിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കോളജ് സർവകലാശാല അദ്ധ്യാപകരുടെ ശമ്പളം പരിഷ്കരിച്ചുകൊണ്ട് കേന്ദ്ര സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ട് മാസങ്ങളേറെയായെങ്കി ലും കേരളമുൾപ്പെടെ പല സംസ്ഥാനങ്ങളിലും പ്രസ്തുത ശമ്പള പരിഷ്കാരം നടപ്പിലായിട്ടില്ല. ശമ്പള പരിഷ്കാരത്തിന്റെ കാര്യത്തിൽ വിവിധ സംസ്ഥാന സർക്കാരുകൾ അനുവർത്തിച്ചു പോരുന്ന നയം അങ്ങേയറ്റം പ്രതിഷേധാർഹമാണ്. കേരളത്തിലാകട്ടെ, പുതുക്കിയ ശമ്പള സ്കെയിലുകൾ നടപ്പിലാക്കുന്നതിനുണ്ടാകുന്ന കാലതാമസം, കോളജ് അദ്ധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഇവിടത്തെ ഉദ്യോഗസ്ഥമേധാവികൾ ചിരകാലമായി സ്വീകരിച്ചുകൊണ്ടിരിക്കുന്ന അലസവും അനുഭാവശൂന്യവുമായ സമീപനം മൂലമാണ്. എൽ.ഡി.എഫ് സർക്കാർ കോളജ് അദ്ധ്യാപകരുടെ പ്രശ്നങ്ങളോട് സ്വീകരിച്ചുപോരുന്ന അനുഭാവപൂർണമായ സമീപനം ഇവർക്കു ദഹിക്കുന്നില്ല. മന്ത്രിതലത്തിൽ ചർച്ച ചെയ്തു തീരുമാനങ്ങൾ എടുത്തശേഷം നിർവഹണ ഘട്ടത്തിൽ എത്തുമ്പോൾ ആ തീരുമാനങ്ങൾ നടപ്പിലാക്കാതിരിക്കുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ് കരിക്കുന്നതിൽ പ്രാവീണ്യം നേടിയവരാണല്ലോ നമ്മുടെ ഉന്നത ഉദ്യോഗസ്ഥ പ്രതിഭകൾ! "കോളജദ്ധ്യാപകർക്ക് സർക്കാർ വാരിക്കോരി കൊടുക്കുന്നു, അവരുടെ അന്യായമായ ആവശ്യങ്ങളൊക്കെ അംഗീകരിച്ചുകൊടുക്കുന്നു." ഇതിനെല്ലാം തടയിടുക തങ്ങളുടെ പാവനമായ കടമയാണ് എന്ന മനോഭാവമാണ് ഇവർക്കുള്ളത്. അദ്ധ്യാപകരോടോ, പണിയെടുത്തുപജീവനം നടത്തുന്ന ജനവിഭാഗങ്ങളോടോ, ബഹുജനങ്ങളോടോ അല്ല മറിച്ച്, അരൂപിയായ അധികാരത്തോടാണ് ഇവർക്ക് പ്രതിബദ്ധത.

KERALA PRIVATE
COLLEGE TEACHER
MONTHLY JOURNAL OF THE AKPCTA
No. 152 June 1999

EDITORIAL BOARD

R.Mohanakaimal (Chief Editor)
S.Jayaraj Kumar (Managing Editor)
Joy Job Kulavelil
V.N.Murali
Dr.P.J.Philip
M.P.Lalitha Bai
R.Mohana Kumar
K.S.Pavithran
Dr.R.B.Rajalekshmi
T.N.Manoharan
J.Raju
Shahul Hameed.M.
Mathew J.Muttath
G.S.Suresh
M.S.Vasantha Kumar
M.D.Ratheesh Kumar
Dr.C.R.Prasad

തടസവാദങ്ങൾ ഉന്നയിച്ചും, കാലാകാലങ്ങളിൽ അധികാരത്തിൽവന്ന സർക്കാരുകളെ തെറ്റിദ്ധരിപ്പിച്ചും കേരളത്തിലെ കോളജദ്ധ്യാപകർക്ക് അവകാശപ്പെട്ട യു.ജി.സി ശമ്പള പരിഷ്കാരം ഒന്നര പതിറ്റാണ്ടിലേറെക്കാലം കിട്ടാക്കനിയാക്കി മാറ്റിയ ഇവർക്ക് അദ്ധ്യാപകരുടെ സംഘടിത സമരശക്തിക്കുമുമ്പിൽ ഫണം താഴ്ത്തേണ്ടിവന്നതും യു.ജി.സി യുടെ നാലാം ശമ്പള പരിഷ്കാരം കേരളത്തിൽ നടപ്പിലായതും മറക്കാൻ കാലമായിട്ടില്ല. ഘടനാപരമായും ഗുണപരമായും കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയെ നവീകരിക്കുന്നതിനും, കാലോചിതമായി പരിഷ്കരിക്കുന്നതിനും, വളർത്തുന്നതിനുംവേണ്ടി മുൻ. എൽ.ഡി.എഫ് സർക്കാർ ദീർഘദൃഷ്ടിയോടെ തുടങ്ങിയവച്ച പ്രീ-ഡിഗ്രി പുനഃസംഘാടനമെന്ന ഭാവനാപൂർണമായ പദ്ധതി തുടർന്നു വന്ന യു.ഡി. എഫ് ഭരണകാലത്ത് അട്ടിമറിക്കുന്നതിന് അരുനിന്ന ഈ ഉദ്യോഗസ്ഥ മേധാവിത്വം ഇപ്പോൾ തുടർന്നു വരുന്ന പ്രീ-ഡിഗ്രി വേർപെടുത്തലുമായി

ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പ്രകടിപ്പിച്ചിട്ടുള്ള കാര്യക്ഷമതയെക്കുറിച്ച് ഒന്നും പറയാതിരിക്കുകയാണ് ഭേദം.

സേവന വേതന രംഗങ്ങളിൽ കേരളത്തിലെ കോളജദ്ധ്യാപകർ ഇന്ന് അനുഭവിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ആരുടെയും ഔദാര്യമല്ലെന്നും സംഘടിത ശക്തിയുടെ ബലത്തിൽ അദ്ധ്യാപകർ നടത്തിയിട്ടുള്ള എണ്ണമറ്റ പോരാട്ടങ്ങളിലൂടെ നേടിയെടുത്തവയാണെന്നും ഓർക്കുന്നത് നന്ന്.

യു.ജി.സി. ശമ്പള പരിഷ്കാരം സംബന്ധിച്ച കേന്ദ്രസർക്കാർ പുറപ്പെടുവിച്ച ഉത്തരവിലെ ഏറ്റം പ്രസക്തമായ ഒരു ഭാഗം പുതിയ സ്കെയിലുകൾ നടപ്പിലാക്കുമ്പോൾ സംസ്ഥാന സർക്കാരുകൾക്കു വഹിക്കേണ്ടി വരുന്ന അധികബാദ്ധ്യതയെ സംബന്ധിച്ചുള്ളതാണ്. അധിക സാമ്പത്തികബാദ്ധ്യതയുടെ 80% തുക സംസ്ഥാന സർക്കാരുകൾക്കു നൽകാമെന്നും, സാമ്പത്തിക ബുദ്ധിമുട്ടുകൾ ഏറെയുള്ള സംസ്ഥാനങ്ങൾക്ക് അവ ആവശ്യപ്പെട്ടാൽ അധികസാമ്പത്തിക സഹായം നൽകുന്ന കാര്യം അനുഭാവപൂർവം പരിഗണിക്കുമെന്നും പ്രസ്തുത ഉത്തരവിൽ കേന്ദ്രസർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിലും യു.ജി.സി ശമ്പളപരിഷ്കാരം നടപ്പിലാക്കുന്ന കാര്യത്തിൽ കാലതാമസം വരുത്തുന്നതിനു വേണ്ടിയുള്ള ശ്രമങ്ങളിലാണ് ഇവിടത്തെ ഉദ്യോഗസ്ഥ മേധാവികൾ ഏർപ്പെട്ടിരിക്കുന്നത്! കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ അസ്വസ്ഥതകൾ വിളിച്ചു വരുത്തുവാനേ ഇതുപകരിക്കുകയുള്ളു. അഞ്ചാം ശമ്പള പരിഷ്കാരം ഓരോരോ തടസ്സങ്ങൾ സൃഷ്ടിച്ച് ഇനിയും വൈകിച്ചാൽ സകലശക്തിയും സമാഹരിച്ചുകൊണ്ട് അതിശക്തമായ സമരം ആരംഭിക്കുവാൻ കേരളത്തിലെ കോളജദ്ധ്യാപകർ നിർബന്ധിതരാകുമെന്ന് ബന്ധപ്പെട്ട ഏവരേയും ഓർമ്മിപ്പിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

# എ.കെ.പി.സി.ടി.എ 41-ാം സംസ്ഥാന സമ്മേളനം

## റിപ്പോർട്ട്

എ.കെ.പി.സി.ടി.എ.യുടെ 41-ാം സംസ്ഥാന സമ്മേളനം 1999 മാർച്ച് 19, 20,21, തീയതികളിൽ കേരളത്തിന്റെ സാംസ്കാരികതല സ്ഥാനമായ തൃശൂരിൽവെച്ച് നടന്നു.

വാണിജ്യവൽക്കരണവും വർഗ്ഗീയവൽക്കരണവും മറ്റൊരു കാലത്തുമില്ലാത്തതുപോലെ വിദ്യാഭ്യാസരംഗത്ത് ഫണംവിടർത്തി നിൽക്കുന്ന സാഹചര്യത്തിലാണ്, കേരളത്തിലെ പുരോഗമന പ്രസ്ഥാനങ്ങളോടൊപ്പം, എക്കാലവും അണിചേർന്നു പോരാടിയ സ്വകാര്യകോളജദ്ധ്യാപകരുടെ കരുത്തുറ്റ സംഘടനയായ എ.കെ.പി.സി.ടി.എയുടെ 41-ാം സംസ്ഥാ സമ്മേളനത്തിന്റെ കൊടിയുയർന്നത്. വർഗ്ഗീയ വിമുക്ത വിദ്യാഭ്യാസം എന്നതായിരുന്നു ഈ സമ്മേളനത്തിലുയർത്തിയ മുഖ്യമായ മുദ്രാവാക്യം.

സമ്മേളനവേദിയായ ഇ.എം.എസ് നഗറിൽ (കൗസ്തുഭം ആഡിറ്റോറിയം) 20.3.99ന് രാവിലെ 9.30 ന് സംസ്ഥാന പ്രസിഡണ്ട് ജോയ് ജോബ് കുളവേലിൽ പതാക ഉയർത്തി സമ്മേളനത്തിന് തുടക്കം കുറിച്ചു. രക്തസാക്ഷിമണ്ഡപത്തിൽ സമ്മേളനപ്രതിനിധികൾ പുഷ്പാർച്ചന നടത്തി.

കഴിഞ്ഞ സംസ്ഥാന സമ്മേളനത്തിന്ശേഷം നിര്യാതരായ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ മണ്ഡലങ്ങളിലെ പ്രമുഖരെയും അകാലത്തിൽ നമ്മെവിട്ടുപിരിഞ്ഞ അധ്യാപക സുഹൃത്തുക്കളെയും സ്മരിച്ചുകൊണ്ടുള്ള പ്രമേയാവതരണത്തോടെ യോഗ നടപടികൾ ആരംഭിച്ചു. സ്വാഗത സംഘം ചെയർമാൻ സ: സി.ഒ.പൗലോസ്, എം.പി.ഉദ്ഘാടന സമ്മേളനത്തിൽ സ്വാഗതമാശംസിച്ചു. ഹിന്ദുത്വവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ നടക്കുന്ന ഈ സമ്മേളനത്തിന് വലിയ പ്രസക്തിയും പ്രാധാന്യവുമുണ്ടെന്ന് അദ്ദേഹം ആമുഖ ഭാഷണത്തിൽ പറഞ്ഞു.

ഇടതുപക്ഷജനാധിപത്യ മുന്നണി കൺവീനർ സ: വി.എസ്.അച്യുതാനന്ദൻ സമ്മേളനത്തിന്റെ ഔപചാരികമായ ഉൽഘാടനം നിർവ്വഹിച്ചു. ഉന്നത വിദ്യാഭ്യാസത്തിന് പുതിയ ദിശാബോധവും അർഹിക്കുന്ന ഗൗരവവും നൽകുന്ന രീതിയിലുള്ള സംഘടനയുടെ അക്കാദമിക്രംഗത്തെ പ്രവർത്തനങ്ങളെ അനുമോദിച്ചുകൊണ്ടാണ് വി.എസ്. തന്റെ പ്രസംഗം ആരംഭിച്ചത്. ബി.ജെ.പി ഭരണത്തിൻ കീഴിൽ മുസ്ളീം ക്രിസ്ത്യൻ ന്യൂനപക്ഷമതവിഭാഗങ്ങൾ അനുഭവിക്കേണ്ടിവരുന്ന വ്യാപകമായ പീഢനങ്ങൾ രാജ്യത്തുടനീളം ദേശസ്നേഹികളുടെയും മനുഷ്യസ്നേഹികളുടെയും വിമർശനത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. കേന്ദ്രം വാഴുന്ന ബി.ജെ.പി സർക്കാർ നടപ്പാക്കാൻ ശ്രമിക്കുന്ന മതാധിഷ്ഠിത വിദ്യാഭ്യാസത്തിനെതിരെ ജാഗ്രതയോടെയിരിക്കുവാനും പ്രതികരിക്കുവാനും അദ്ദേഹം സമ്മേളന പ്രതിനിധികളെ ആഹ്വാനം ചെയ്തു.

അധ്യാപകർക്ക് അർഹമായ യു.ജി.സി. ശമ്പള

പരിഷ്കാരം നിഷേധിച്ച കേന്ദ്രഗവർമെണ്ടിനെതിരെ കോളജ് സർവ്വകലാശാല അദ്ധ്യാപകർ അഖിലേന്ത്യാ വ്യാപകമായി 20 ദിവസം സമരം നടത്തിയപ്പോൾ, അദ്ധ്യാപകരുടെ സമരവീര്യത്തിനു മുന്നിൽ കേന്ദ്ര ഗവർമെണ്ടിനും മാനവിഭവശേഷി വകുപ്പു മന്ത്രിക്കും മുട്ടുമടക്കേണ്ടിവന്നു എന്നതും അനുകൂലമായ തീരുമാനം എടുപ്പിക്കാൻ കഴിഞ്ഞു എന്നതും എ.കെ.പി.സി.ടി.എ ക്ക് അഭിമാനകരം തന്നെയാണെന്ന് സഖാവ് ചൂണ്ടിക്കാട്ടി. കേരളത്തിൽ ഈ അവകാശങ്ങൾ നേടിയെടുക്കുന്നതിന് വേണ്ടി കോളജദ്ധ്യാപകർ സമരം ചെയ്യേണ്ട അവസ്ഥ ഉണ്ടാവില്ലെന്നും വി.എസ്. ഉറപ്പ് നൽകി. ഉന്നതവിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന അധ്യാപകർ സാംസ്കാരിക മുന്നേറ്റം സംഘടിപ്പിക്കുന്നതിൽ ക്രിയാത്മകമായ പങ്ക് വഹിക്കണമെന്നും സ:വി.എസ് ഉദ്ബോധിപ്പിച്ചു.

സംഘടനയുടെ സംസ്ഥാന പ്രസിഡണ്ട് പ്രൊഫ. ജോയ് ജോബ് കുളവേലിൽ ഉദ്ഘാടന സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചു. എൻ.ജി.ഒ. യൂണിയൻ ജനറൽ സെക്രട്ടറി കെ.കൃഷ്ണൻ, കെ.എസ്.ടി.എ ജനറൽ സെക്രട്ടറി റഷീദ് കണിച്ചേരി, സർക്കിൾ ഓഫ് കോ-ഓർഡിനേഷൻ കമ്മിറ്റി ഓഫ് പി ആന്റ് ടി യൂണിയൻ കൺവീനർ സ: എം.കൃഷ്ണൻ, എ.കെ.ജി.സി.ടി സംസ്ഥാന ട്രഷറർ പ്രൊഫ. കെ.ജെ ഡേവിഡ് എന്നിവർ സമ്മേളനത്തിന് ആശംസകൾ നേർന്നുകൊണ്ടു സംസാരിച്ചു. പ്രോഗ്രാം കമ്മിറ്റി കൺവീനർ ഡോ. വി.കെ.വിജയൻ നന്ദി പ്രകാശിപ്പിച്ചു.

തുടർന്നു നടന്ന പ്രതിനിധി സമ്മേളനത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറിക്കുവേണ്ടി പ്രസിഡണ്ട് പ്രവർത്തന റിപ്പോർട്ടും സംസ്ഥാന ട്രഷറർ വരവുചെലവ് കണക്കുകളും അവതരിപ്പിച്ചു.

ഉച്ചഭക്ഷണത്തിനുശേഷം നടന്ന വിദ്യാഭ്യാസ സമ്മേളനത്തിൽ പ്രോഗ്രാം കമ്മിറ്റി ചെയർമാൻ എ.വി. ജഗന്നിവാസ് സ്വാഗതം പറഞ്ഞു. സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച അക്കാദമിക് കമ്മിറ്റി ചെയർമാൻ പ്രൊഫ. പി.ജെ.ഫിലിപ്പ് ഉന്നതവിദ്യാഭ്യാസത്തിന്റെ പുനഃസംഘടനത്തിൽ സംഘടന നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിച്ചു. AIFUCTO പ്രസിഡണ്ട് പ്രൊഫ. കെ.കെ.തെക്കേടത്ത്, പ്രൊഫ. ആർ. ആർ.സി അനുസ്മരണ പ്രഭാഷണം നടത്തി. അസന്തുലിതമായ സാമ്പത്തിക വ്യവസ്ഥിതിയാണു മതവിദ്വേഷത്തിന്റെ മൂലകാരണമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. സംഘടനാ പ്രവർത്തനത്തെ എങ്ങിനെ സാമൂഹ്യ പ്രവർത്തനമാക്കി മാറ്റാമെന്ന് പ്രൊഫ. ആർ.ആർ. സി അദ്ദേഹത്തിന്റെ ജീവിതത്തിലൂടെ കാട്ടിത്തരുകയാണുണ്ടായതെന്ന് അദ്ദേഹം അനുസ്മരിച്ചു. ആഗോളവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽനിന്നു വേണം വർഗ്ഗീയ വൽക്കരണത്തിന്റെ ഭീഷണികളെ നോക്കിക്കാണാനെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. സംസ്ഥാന ട്രഷറർ പ്രൊഫ.ആർ.മോഹൻ കുമാർ നന്ദി പ്രകടനം നടത്തി.

വിദ്യാഭ്യാസ സമ്മേളനാനന്തരം ഉന്നതവിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ട് കേരളത്തിന്റെ തെക്കു മുതൽ വടക്കുവരെയുള്ള സ്വകാര്യ കോളേജധ്യാപകർ പങ്കെടുത്ത ഉശിരൻ പ്രകടനത്തിന് സാംസ്കാരിക നഗരി സാക്ഷ്യം വഹിച്ചു. നിരവധി വനിതകളടക്കം പങ്കെടുത്ത പ്രകടനത്തിന് സംഘടനയുടെ സംസ്ഥാന നേതാക്കൾ നേതൃത്വം നൽകി.

വൈകുന്നേരം നടന്ന പൊതു സമ്മേളനം ബഹു. കേരള വിദ്യാഭ്യാസ മന്ത്രി ശ്രീ.പി.ജെ.ജോസഫ് ഉൽഘാടനം ചെയ്തു. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങളോടുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് വളരെ അനുഭാവപൂർണ്ണമാണെന്ന് മന്ത്രി വ്യക്തമാക്കി.1990ൽ നടപ്പാക്കിയ യു.ജി.സി ശമ്പള പരിഷ്കാരവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന അപാകതകൾ എത്രയും പെട്ടെന്ന് പരിഹരിക്കാമെന്ന് മന്ത്രി ഉറപ്പ് നൽകി. ഉന്നതവിദ്യാഭ്യാസരംഗത്ത് ഗുണപരമായ മാറ്റങ്ങൾക്കുവേണ്ടി എ.കെ.പി.സി.ടി.എ നടത്തുന്ന പ്രവർത്തനങ്ങളെ മന്ത്രി പ്രകീർത്തിച്ചു. സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് എ.കി.പി.സി.ടി.എ യുടെ മുൻ സെക്രട്ടറിയും സംസ്ഥാന മന്ത്രിയുമായിരുന്ന പ്രൊഫ. എൻ.എം. ജോസഫ് സംസാരിച്ചു. യോഗത്തിൽ സംസ്ഥാന പ്രസിഡണ്ട് പ്രൊഫ. ജോയ് ജോബ് കുളവേലിൽ അധ്യക്ഷനായിരുന്നു. സമ്മേളനത്തിൽ സംഘടനയുടെ കോഴിക്കോട് സർവ്വകലാശാല മേഖലാ സെക്രട്ടറി വി.രാജഗോപാലൻ സ്വാഗതവും ഫിനാൻസ് കമ്മിറ്റി കൺവീനർ പ്രൊഫ. പി.എസ്. ഫിറോസ് നന്ദിയും പറഞ്ഞു.

20–ന് രാത്രി ഭക്ഷണത്തിന് ശേഷം യൂണിവേഴ്സിറ്റി തിരിഞ്ഞ് റിപ്പോർട്ടിനെക്കുറിച്ച് വിശദമായ ഗ്രൂപ്പ് ചർച്ച നടന്നു. വനിതാ പ്രതിനിധികൾ ഉൾപ്പെടെ ഒട്ടനവധി അധ്യാപകർ ചർച്ചയിൽ സജീവമായി പങ്കെടുത്തു. രാത്രി വളരെ വൈകുവോളം നീണ്ട ചർച്ച സംഘടനാ പ്രവർത്തനത്തിന്റെ ഗൗരവവും ആവേശവും വിളിച്ചറിയിക്കുന്നതായിരുന്നു.

ഞായറാഴ്ച (21.3.99) രാവിലെ തലേദിവസം നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ റിപ്പോർട്ടിങ്ങ് നടത്തുകയുണ്ടായി. അതിനെതുടർന്ന് യാത്ര അയപ്പ് സമ്മേളനം 10.30 ന് ആരംഭിച്ചു. ഈ വർഷം സർവീസിൽനിന്ന് വിരമിക്കുന്ന അധ്യാപകർക്ക് ഹൃദ്യമായ യാത്ര അയപ്പ് നൽകി. വിരമിക്കുന്ന അധ്യാപകരെ ട്രഷറർ പരിചയപ്പെടുത്തി. കോഴിക്കോട് സർവ്വകലാശാല സിൻഡിക്കേറ്റംഗമായ പ്രൊഫ. എം. സലീം യോഗത്തിൽ അധ്യക്ഷത വഹിച്ചു. പ്രൊഫ. ടി.എൻ രാമൻപിള്ള, (കേരള സർവ്വകലാശാല, സിൻഡിക്കേറ്റംഗം പ്രൊഫ. കെ.സദാശിവൻ നായർ (എം.ജി. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റംഗം) പ്രൊഫ. എ.എം.കൃഷ്ണൻ (കോഴിക്കോട് സർവ്വകലാശാല സിൻഡിക്കേറ്റംഗം) എന്നിവർ ആശംസകൾ നേർന്നു. എറണാകുളം ജില്ലാ സെക്രട്ടറി പ്രൊഫ. ഡി. സലിം കുമാർ നന്ദി പറഞ്ഞു.

ഞായറാഴ്ച ഉച്ചയ്ക്കുശേഷം ചർച്ചയിൽ ഉന്നയിച്ച സംശയങ്ങൾക്ക് ജനറൽ സെക്രട്ടറിക്കു വേണ്ടി പ്രസിഡണ്ട് വിശദമായി മറുപടി പറഞ്ഞു.



# എ.കെ.പി.സി.ടി.എ

## സംസ്ഥാന ഭാരവാഹികൾ

പ്രസിഡന്റ് : ജോയ് ജോബ് കുളവേലിൽ
യു.സി.കോളജ്, ആലുവ

വൈസ് പ്രസിഡന്റ്സ് : ഡോ.പി.ജെ.ഫിലിപ്പ്
സെന്റ് തോമസ് കോളജ്, കോഴഞ്ചേരി
എം.പി.ലളിതാബായി
എൻ.എസ്.എസ്. വനിതാ കോളജ്, തിരുവനന്തപുരം

ജനറൽ സെക്രട്ടറി : വി.എൻ.മുരളി
എം.ജി.കോളജ്, തിരുവനന്തപുരം

ട്രഷറർ : ആർ.മോഹൻകുമാർ
എസ്.എൻ.കോളജ്, വർക്കല

സെക്രട്ടറിമാർ : എ.പി.കുട്ടികൃഷ്ണൻ
എസ്.എസ്.കോളജ്, തളിപ്പറമ്പ്
വി.രാജഗോപാൽ
മലബാർ ക്രിസ്ത്യൻ കോളജ്, കോഴിക്കോട്
പി.ഡി.ശശിധരൻ
ഡി.ബി.കോളജ്, തലയോലപ്പറമ്പ്
എ.പ്രതാപചന്ദ്രൻ നായർ
എം.ജി.കോളജ്, തിരുവനന്തപുരം

## ജില്ലാ സെക്രട്ടറിമാർ

തിരുവനന്തപുരം : കെ.എൽ.വിവേകാനന്ദൻ
എസ്.എൻ.കോളജ്, ചെമ്പഴന്തി

കൊല്ലം : കെ.വിജയധരൻ,
എസ്.എൻ.കോളജ്, കൊല്ലം

പത്തനംതിട്ട : പി.കെ.രാധാകൃഷ്ണപണിക്കർ,
ഡി.ബി. പമ്പാ കോളജ്, പരുമല.

ആലപ്പുഴ : പി.രഘുനാഥൻ
എം.എസ്.എം. കോളജ്, കായംകുളം

കോട്ടയം : കെ.മാത്യു
ബസേലിയസ് കോളജ്, കോട്ടയം

എറണാകുളം : കെ.കൃഷ്ണദാസ്
ശ്രീശങ്കരാ കോളജ്, കാലടി

തൃശൂർ : പി.എസ്.ഫിറോസ്
എസ്.എൻ.കോളജ്, നാട്ടിക

പാലക്കാട് : സി.മുരളീധരൻ
എൻ.എസ്.എസ് കോളജ്, നെന്മാറ

മലപ്പുറം : ഹബീബ് റഹ്മാൻ
എം.ഇ.എസ്.കോളജ്, പൊന്നാനി

കോഴിക്കോട് : ഡി.കെ.ബാബു
ഗുരുവായൂരപ്പൻ കോളജ്, കോഴിക്കോട്

വയനാട് : ടി.കെ.തോമസ്
സെന്റ് മേരീസ് കോളജ്, സുൽത്താൻ ബത്തേരി

കണ്ണൂർ- കാസറഗോഡ്: സൈനുൽ ഹുക്മാൻ,
സർസെയ്ദ് കോളജ്, തളിപ്പറമ്പ്

## പ്രവർത്തക സമിതിയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടവർ

കെ.പി.ദിവാകരൻ നായർ എം.ജി.കോളജ്, തിരുവനന്തപുരം
എം.മുരളീധരൻ, സെന്റ് തോമസ് കോളജ് തൃശൂർ
കെ.ശശിധരൻ, എസ്.എൻ.ജി കോളജ് ചേളന്നൂർ

## പ്രവർത്തക സമിതിയിലേക്കുള്ള പ്രത്യേക ക്ഷണിതാക്കൾ

ടി.എൻ.രാമൻപിള്ള,
സിൻഡിക്കേറ്റംഗം, കേരള സർവകലാശാല
കെ.സദാശിവൻ നായർ,
സിൻഡിക്കേറ്റംഗം, മഹാത്മാഗാന്ധി സർവ്വകലാശാല
ഇ.പി.മാത്യു,
സിൻഡിക്കേറ്റംഗം, മഹാത്മാഗാന്ധി സർവ്വകലാശാല
എം.സലിം,
സിൻഡിക്കേറ്റംഗം, കോഴിക്കോട് സർവ്വകലാശാല
എ.എം.കൃഷ്ണൻ,
സിൻഡിക്കേറ്റംഗം, കോഴിക്കോട് സർവ്വകലാശാല

## സംസ്ഥാന കമ്മിറ്റി അംഗങ്ങൾ

കെ.ജി.ജോർജ്, എം.ഇ.എസ്. കോളജ്, നെടുങ്കണ്ടം
വി.പി.ശിവശങ്കരൻ നായർ, എസ്.എസ്.കോളജ് കാലടി
അലക്സാണ്ടർ കെ.സാമുവൽ, സെന്റ് തോമസ് കോളജ്, കോഴഞ്ചേരി
ഡോ.വർഗ്ഗീസ് ജോർജ് മാർത്തോമാ കോളജ് തിരുവല്ല.
ടി.ജെ.ജോസ്. കെ.ഇ.കോളജ്, മാന്നാനം
എം.പി.രാജൻ, എൻ.എസ്.കോളജ്, ഒറ്റപ്പാലം
ഡോ.കെ.ജി.വിശ്വനാഥ്, ആയുർവേദ കോളജ്, ഒല്ലൂർ
പി.റ്റി.അബ്ദുൾ ലത്തീഫ്, ഫെറൂക്ക് കോളജ്, ഫെറൂക്ക്
എ.ശിവരാമൻ, എൻ.എസ്.കോളജ്, മഞ്ചേരി
എം.വിത്സൺ, (നോമിനേറ്റഡ്)സെന്റ് മേരീസ് കോളജ്, സുൽത്താൻ ബത്തേരി
ടി.ശശിധരൻ, എസ്.എൻ.കോളജ് കണ്ണൂർ
വി.കുട്ട്യാൻ, (നോമിനേറ്റഡ്)എൻ.എ.എസ്. കോളജ്, കാഞ്ഞങ്ങാട്
ആർ.ഇന്ദുലാൽ, എസ്.ഡി. കോളജ്, ആലപ്പുഴ
വി.ശ്രീകുമാർ, എൻ.എസ്.എസ്. കോളജ്, ചേർത്തല
പി.എൻ.ഗംഗാധരൻ നായർ എൻ.എസ്.എസ്. കോളജ്, നിലമേൽ
എസ്.സതീഷ് ചന്ദ്രൻ, (നോമിനേറ്റഡ്)എസ്.എൻ.കോളജ് വർക്കല
എസ്.സോമൻപിള്ള, (നോമിനേറ്റഡ്)ഡി.ബി.കോളജ്, ശാസ്താംകോട്ട

## ജില്ലാ പ്രസിഡണ്ടുമാർ

എം.പി. ബലറാം, പഴശ്ശിരാജ എൻ.എസ്.എസ്.കോളജ്, മട്ടന്നൂർ (കണ്ണൂർ-കാസറഗോഡ്)
കെ. രാജഗോപാൽ,പഴശ്ശിരാജ കോളജ്, പുൽപ്പള്ളി (വയനാട്)
പി.വിചന്ദ്രമോഹൻ, മലബാർ ക്രിസ്ത്യൻ കോളജ് കോഴിക്കോട് (കോഴിക്കോട്)
എൻ.രാജൻ, എൻ.എസ്.എസ് കോളജ്, മഞ്ചേരി (മലപ്പുറം

എ.റ്റി.ചെറിയാൻ, വി.റ്റി.ബി കോളജ്, ശ്രീകൃഷ്ണപുരം, (പാലക്കാട്)
ഇ.[illegible]ൻ, എസ്.കെ.വി. കോളജ്, തൃശൂർ (തൃശൂർ)
രാജൻ വർഗീസ്, യു.സി.കോളജ്, ആലുവ (എറണാകുളം)
ജെയിംസ് ഫിലിപ്പ്, ദേവമാതാ കോളജ്, കുറവിലങ്ങാട് (കോട്ടയം-ഇടുക്കി)
എസ്.പരമേശ്വരൻ പിള്ള, ബിഷപ്പ് മൂർ കോളജ്, മാവേലിക്കര (ആലപ്പുഴ)
എൻ.വിജയൻ, സെന്റ് തോമസ് കോളജ്, കോഴഞ്ചേരി (പത്തനംതിട്ട)
യോഹന്നാൻ കുട്ടി, സെന്റ് ജോൺസ് കോളജ്, അഞ്ചൽ, (കൊല്ലം)
എം.ഷാഹുൽ ഹമീദ്, ഇക്ബാൽ കോളജ്, പെരിങ്ങമ്മല (തിരുവനന്തപുരം)

## അക്കാദമിക് കമ്മിറ്റി

ചെയർമാൻ : ഡോ.പി.ജെ.ഫിലിപ്പ്, സെന്റ് തോമസ് കോളജ്, കോഴഞ്ചേരി
കൺവീനർ : തോമസ് ജോസഫ്, കെ.ഇ.കോളജ്, മാന്നാനം
അംഗങ്ങൾ : എ.പി.തോമസ്, സി.എം.എസ്. കോളജ്, കോട്ടയം
ഫിലിപ്പ്. എൻ.തോമസ്, മാർത്തോമ്മാ കോളജ്, തിരുവല്ല.
ഡോ. ജോസഫ് ജോസ്, എസ്.എച്ച്. കോളജ്, തേവര
ഡോ.അനിൽകുമാർ, എസ്.എൻ.കോളജ്, കണ്ണൂർ
അലക്സാണ്ടർ കെ.സാമുവൽ, സെന്റ് തോമസ് കോളജ്, കോഴഞ്ചേരി
ഡോ. റോമിയോ, എസ്.എൻ.കോളേജ്, നാട്ടിക
ടി.എൻ. മനോഹരൻ, എസ്.എൻ.കോളജ്, ചെമ്പഴന്തി.

## കേരള പ്രൈവറ്റ് കോളേജ് ടീച്ചർ

ചീഫ് എഡിറ്റർ : ആർ.മോഹനകൈമൾ, എം.ജി.കോളജ്, തിരുവനന്തപുരം
മാനേജിങ് എഡിറ്റർ : ജയരാജ്കുമാർ, എസ്. എസ്.എൻ.കോളജ്, വർക്കല
അംഗങ്ങൾ : ടി.എൻ.മനോഹരൻ, എസ്.എൻ.കോളജ്, നാട്ടിക
ഡോ.ആർ.ബി.രാജലക്ഷ്മി, എം.ജി.കോളജ്, തിരുവനന്തപുരം
മാത്യു.ജെ. മുട്ടത്ത്, കെ.ഇ.കോളജ്,, മാന്നാനം
ജി.എസ്.സുരേഷ്, എൻ.എസ്.എസ്.കോളജ്, ധനുവച്ചപുരം
വസന്തകുമാർ, എസ്.എൻ. കോളജ്, കൊല്ലം
ഡോ.സി.ആർ.പ്രസാദ്, എൻ.എസ്.എസ്.കോളജ്, നിലമേൽ
ജെ.രാജു, എസ്.എൻ.കോളജ്, ചെമ്പഴന്തി
എം.ഡി.രതീഷ്കുമാർ, എസ്.എൻ.കോളജ്, ചെമ്പഴന്തി
എം.ഷാഹുൽഹമീദ്, ഇക്ബാൽ കോളജ്, പെരിങ്ങമ്മല

## ലെയ്സൺ ഓഫീസർമാർ

സെക്രട്ടേറിയറ്റ്
ഡോ.വിജയകുമാർ, സുവോളജി ഡിപ്പാർട്ട്മെന്റ്, മാർ ഇവാനിയോസ് കോളജ്, തിരുവനന്തപുരം
ആർ. മോഹനകൃഷ്ണൻ, ഫിസിക്സ് ഡിപ്പാർട്ട്മെന്റ്, എം.ജി.കോളജ്, തിരുവനന്തപുരം
ടി.സുരേഷ്, കെമിസ്ട്രി ഡിപ്പാർട്ട്മെന്റ്, എസ്.എൻ.കോളജ്, ചെമ്പഴന്തി.
എം.എസ്.ബാബുരാജ്, ഫിസിക്സ് ഡിപ്പാർട്ട്മെന്റ്, ക്രിസ്ത്യൻ കോളജ്, കാട്ടാക്കട

കോളേജിയറ്റ് എഡ്യുക്കേഷൻ
ജോണി കെ.ജോൺ, മാത്സ് ഡിപ്പാർട്ട്മെന്റ്, മാർ ഇവാനിയോസ് കോളജ്, തിരുവനന്തപുരം
എം.ഡി.രതീഷ്കുമാർ, ജിയോളജി ഡിപ്പാർട്ട്മെന്റ്, എസ്.എൻ.കോളജ്, ചെമ്പഴന്തി
എസ്.പ്രദീപ്കുമാർ, ബോട്ടണി ഡിപ്പാർട്ട്മെന്റ്, എം.ജി.കോളജ്, തിരുവനന്തപുരം

ഡെ.ഡി.സി.ഇ
*കൊല്ലം*: ജെ.വി.പണിക്കർ, സെന്റ് ഗ്രിഗോറിയസ് കോളജ്, കൊട്ടാരക്കര
*കോട്ടയം* : കെ.മാത്യു ബസേലിയസ് കോളജ്, കോട്ടയം
*എറണാകുളം* : ജോർജ് ജോസഫ്, എസ്.എച്ച് കോളജ്, തേവര
*തൃശൂർ* : സി.മുരളീധരൻ, എൻ.എസ്.എസ്.കോളജ്, നെന്മാറ
*കോഴിക്കോട്* : ഡോ.ഡി.കെ.ബാബു, ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്.

## യുണിവേഴ്സിറ്റികൾ

*കേരള*
ഡോ.ജി.രവീന്ദ്രൻ, എസ്.എൻ.കോളജ്, കൊല്ലം
പി.മാത്യു ഇക്ബാൽ കോളജ്, പെരിങ്ങമ്മല
*മഹാത്മാഗാന്ധി*
ജോർജ് സെബാസ്റ്റ്യൻ, കെ.ഇ.കോളജ്,, മാന്നാനം
വി.എ ആന്റണി, സി.എം.എസ്.കോളജ്, കോട്ടയം
*കോഴിക്കോട്*
വി.രാജഗോപാൽ, മലബാർ ക്രിസ്ത്യൻ കോളജ്, കോഴിക്കോട്
കെ.ശശിധരൻ, എസ്.എൻ.കോളജ്, ചേളന്നൂർ
*കണ്ണൂർ*
എ.പി.കുട്ടികൃഷ്ണൻ, സർ സെയദ് കോളജ്, തളിപ്പറമ്പ
വി.കൃഷ്ണൻ, എസ്.സി.എസ് കോളജ്,ശ്രീകണ്ഠാപുരം

## വെൽഫെയർ ട്രസ്റ്റ്

സംസ്ഥാനഭാരവാഹികളെ കൂടാതെ, കെ.വിജയധരൻ, (ജില്ലാ സെക്രട്ടറി), എസ്.എൻ.കോളജ്, കൊല്ലം

## ബിൽഡിങ് കമ്മിറ്റി

ജോയ്ജോബ് കുളവേലിൽ (പ്രസിഡന്റ്)
വി.എൻ.മുരളി (ജനറൽ സെക്രട്ടറി)
ആർ.മോഹൻകുമാർ (ട്രഷറർ)
കെ.പിദിവാകരൻനായർ
ടി.എൻ.രാമൻപിള്ള
കെ.എൽ.വിവേകാനന്ദൻ
കെ.സദാശിവൻനായർ
എം.ദിവാകരൻനായർ
ഡോ.ജി.രവീന്ദ്രൻ

## ലീഗൽ സെൽ

കൺവീനർ : വി.സി.ആന്റണി, സെന്റ് പോൾസ് കോളേജ്, കളമശേരി

| | |
|---|---|
| അംഗങ്ങൾ | : ഡോ. ജി.രവീന്ദ്രൻ, കെമിസ്ട്രി ഡിപ്പാർട്ട്മെന്റ്, എസ്.എൻ കോളജ്, കൊല്ലം |
| | ബി.ശ്രീകുമാർ, എൻ.എസ്.എസ് കോളജ്, ചേർത്തല |
| | കെ.എൻ.ജെയിംസ്, സെന്റ് ആൽബർട്ട്സ് കോളജ്, എറണാകുളം |
| | സർവീസ് സെൽ |
| കൺവീനർ | : പി.കെ.രാധാകൃഷ്ണപണിക്കർ, ഡി.ബി. പമ്പാ കോളജ്, പരുമല |
| അംഗങ്ങൾ | : ടി.എൻ മനോഹരൻ, എസ്.എൻ. കോളജ്, ചെമ്പഴന്തി |
| | സി.കെ.ഗോപി, ഡി.ബി. കോളജ്, ശാസ്താംകോട്ട |
| | പി.രവീന്ദ്രനാഥൻനായർ, എസ്.ഡി.കോളജ്, ആലപ്പുഴ. |

## സിൻഡിക്കേറ്റ് സബ് കമ്മിറ്റി

ഓരോ യൂണിവേഴ്സിറ്റി മേഖലയിലും അതാതിടത്തെ മേഖലാ സെക്രട്ടറി (കൺവീനർ), സിൻഡിക്കേറ്റ് അംഗങ്ങൾ, പ്രവർത്തക സമിതി അംഗങ്ങൾ, സെനറ്റ് സബ്കമ്മിറ്റി, സിൻഡിക്കേറ്റ് സബ് കമ്മിറ്റി, അതാത് യുണിവേഴ്സിറ്റി സെനറ്റ് അംഗങ്ങൾ, അക്കാദമിക് കൗൺസിൽ സബ് കമ്മിറ്റി, സിൻഡിക്കേറ്റ് സബ് കമ്മിറ്റി അക്കാദമിക് കൗൺസിൽ അംഗങ്ങൾ, പ്രത്യേക ക്ഷണിതാക്കൾ.

## ജേർണലിലേക്കുള്ള മാറ്റർ, വരിസംഖ്യ

ജേർണലിൽ പ്രസിദ്ധീകരിക്കാനുള്ള ലേഖനം, ചെറുകഥ, കവിത തുടങ്ങിയ സാഹിത്യ സൃഷ്ടികൾ, സർവീസ് സംബന്ധമായ ചോദ്യങ്ങൾ, തീസിസ് അബ്സ്ട്രാക്ടുകൾ, വിജ്ഞാനപ്രദങ്ങളായ കുറിപ്പുകൾ, മറ്റു വാർത്തകൾ, ഫോട്ടോകൾ, പരസ്യങ്ങൾ ഇവയൊക്കെ ചീഫ് എഡിറ്റർക്ക് അയയ്ക്കുക.

ബ്രാഞ്ചുകളിലേക്ക് അയയ്ക്കേണ്ട ജേർണലിന്റെ എണ്ണവും കുടിശ്ശിക ഉൾപ്പെടെയുള്ള വരിസംഖ്യയും മാനേജിംഗ് എഡിറ്റർക്ക് അയയ്ക്കുക.

**വാർഷിക വരിസംഖ്യ 30 രൂപ മാത്രം**

പരസ്യങ്ങൾക്കുള്ള താരിഫ് കാർഡുകൾ ജില്ലാ സെക്രട്ടറിയിൽനിന്നോ മാനേജിംഗ് എഡിറ്ററിൽനിന്നോ ലഭിക്കുന്നതാണ്.

*ചീഫ് എഡിറ്ററുടെ വിലാസം:*

ആർ. മോഹന കൈമൾ
സാരംഗ, ടി.സി. 22/704, ആറ്റുകാൽ,
തിരുവനന്തപുരം 695 009 (ഫോൺ 0471- 458726)

*മാനേജിംഗ് എഡിറ്ററുടെ വിലാസം*

എസ്. ജയരാജ്കുമാർ
ഗീതാഞ്ജലി, 79- ഉള്ളൂർ ഗാർഡൻസ്
കൊച്ചുള്ളൂർ, മെഡിക്കൽ കോളജ് പി.ഒ
തിരുവനന്തപുരം 695001 (ഫോൺ 0471- 440004)

*ഓഫീസ്*

AKPCTA സംസ്ഥാന കമ്മിറ്റി ഓഫീസ്,
വഞ്ചിയൂർ, തിരുവനന്തപുരം 695 0035
ഫോൺ : 0471- 463494

# എ.കെ.പി.സി.റ്റി.എ

# പ്രവർത്തക സമിതി തീരുമാനങ്ങൾ

1999 ഏപ്രിൽ 10ന് എറണാകുളത്ത് ചേർന്ന ആദ്യയോഗം

പുതുതായി തെരഞ്ഞെടുക്കപ്പെട്ട പ്രവർത്തക സമിതി ഏപ്രിൽ 10ന് എറണാകുളത്ത് കുടി. പ്രസിഡന്റ് പ്രൊഫ. ജോയ് ജോബ് കുളവേലിൽ അധ്യക്ഷത വഹിച്ചു. സംഘടനയുടെ പ്രവർത്തകസമിതി അംഗവും മഹാത്മാഗാന്ധി യുണിവേഴ്സിറ്റി സിൻഡിക്കേറ്റ് മെമ്പറുമായിരുന്ന പ്രൊഫ. മോഹൻകുര്യന്റെ അകാലനിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

എ.കെ.പി.സി.റ്റി.എ പ്രവർത്തനം കുടുതൽ വികേന്ദ്രീകരിച്ച് ശക്തമാക്കാൻ പ്രവർത്തക സമിതി തീരുമാനിച്ചു. മേഖലാ സെക്രട്ടറിമാർ അതത് മേഖലകളുടെ പൂർണ്ണ ചുമതല വഹിക്കണം. ബ്രാഞ്ചുകൾ ജില്ലാ കമ്മിറ്റിയുമായും ജില്ലാകമ്മിറ്റി ഏരിയാ സെക്രട്ടറിയുമായും ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം. സംസ്ഥാന സമ്മേളനത്തിനുശേഷമുള്ള പ്രവർത്തനങ്ങൾ ജനറൽ സെക്രട്ടറി വിശദീകരിച്ചു. അഞ്ചാം യു.ജി.സി ശമ്പളപരിഷ്കാരം കേരളത്തിൽ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് മാർച്ച് 25ന് സംയുക്തസമര സമിതിയുടെ നേതൃത്വത്തിൽനടന്ന സെക്രട്ടറിയേറ്റ് മാർച്ചിൽ നാനൂറോളം അധ്യാപകർ പങ്കെടുത്തു. യു.ജി.സി ശമ്പളപരിഷ്കാരം കേരളത്തിൽ നടപ്പിലാക്കുന്നതിനായി സെൽ രൂപീകരിക്കാനുള്ള ഗവൺമെന്റ് നീക്കം ശരിയല്ലെന്ന് യോഗം അഭിപ്രായപ്പെട്ടു. കാലതാമസം വരുത്താനേ ഇത് സഹായിക്കൂ. 1.1.96 മുതൽ യു.ജി.സി ശമ്പളപരിഷ്കാരം കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടുള്ള ഉത്തരവ് ഉടൻ ഉണ്ടാകണം.

പ്രൊമോഷൻ/പ്ലേസ്മെന്റ് സംബന്ധിച്ചുള്ള ഉത്തരവ് താമസിയാതെ ഉണ്ടാകുന്നതാണ്. യു.ജി.സി ശമ്പളപരിഷ്കാരം കേരളത്തിലെ മുഴുവൻ കോളജധ്യാപകർക്കും നടപ്പിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള കുറിപ്പുകൾ ബന്ധപ്പട്ടവർക്കെല്ലാം നൽകാനും നിശ്ചയിച്ചു. സെൽഫ് ഫിനാൻസിങ് കോളജുകളെപ്പറ്റിയും ഉന്നതവിദ്യാഭ്യാസരംഗത്തെ വിഭവസമാഹരണത്തെപ്പറ്റിയും സംഘടനയുടെ വിദ്യാഭ്യാസ നയരേഖയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളും അനുകൂലവും പ്രതികൂലവുമായ വാദമുഖങ്ങളും അടുത്ത യോഗത്തിൽ ചർച്ചചെയ്യാനായി മാറ്റിവച്ചു. ഐഫക്ടോയുടെ നാഷണൽ എക്സിക്യൂട്ടീവ് യോഗം മേയ് മാസം ഒടുവിൽ കേരളത്തിൽ കുടുന്നതിനെ പ്രവർത്തക സമിതി സ്വാഗതംചെയ്തു. സംസ്ഥാന കമ്മിറ്റി ഓഫീസിൽ കമ്പ്യൂട്ടർ, ഫാക്സ് എന്നിവ വാങ്ങാൻ തീരുമാനിച്ചു. അടുത്ത ജൂലൈ മാസം രണ്ടാം ശനി-ഞായർ ദിവസങ്ങളിൽ

പ്രവർത്തകക്യാമ്പ് നടത്തണം. ക്യാമ്പിൽ സംഘടനാ കാര്യങ്ങൾക്ക് പുറമേ അക്കാദമിക് പുനഃസംഘാടനവും പരീക്ഷാ പരിഷ്കരണവും മുഖ്യ ചർച്ചാവിഷയമായിരിക്കണമെന്നും നിശ്ചയിച്ചു. വെൽഫെയർ ട്രസ്റ്റിൽ അംഗമാകുന്നവർക്ക് ഇന്നു നൽകുന്ന തുക വർധിപ്പിക്കാനാകുമോ എന്ന കാര്യം പരിശോധിക്കാൻ സർവീസ് സെല്ലിനെ ചുമതലപ്പെടുത്തി. എസ്.എൻ. കോളജുകളിൽ അധ്യാപകരുടെ ലീവ് പാസ്സാക്കാതിരിക്കുന്നത്, കോൺഫിഡൻഷ്യൽ റിപ്പോർട്ട് എന്ന പേരിൽ ഫോറം നൽകി അധ്യാപകരിൽനിന്നും പൂരിപ്പിച്ച് വാങ്ങുന്നത്, നാട്ടിക കോളേജിലെ അറ്റൻഡൻസ് തിരിമറി തുടങ്ങിയ കാര്യങ്ങളിൽ സംഘടനയുടെ ശക്തമായ പ്രതിഷേധം മാനേജ്മെന്റിനെ അറിയിച്ചിട്ടുള്ള കാര്യം ജനറൽ സെക്രട്ടറി റിപ്പോർട്ട് ചെയ്തു. കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ ഇൻട്രാ യൂണി. ട്രാൻസ്ഫർ നോംസ് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ അവിടത്തെ സിൻഡിക്കേറ്റംഗങ്ങളോട് ആവശ്യപ്പെടുന്നതാണ്. പരീക്ഷാജോലികൾക്കുള്ള പ്രതിഫലത്തുക വർധിപ്പിക്കാൻ എല്ലാ യൂണിവേഴ്സിറ്റികൾക്കും നിവേദനം നൽകും. പ്രിൻസിപ്പൽമാരെ ഡ്രോയിങ് ഓഫീസർമാരായി ചുമതലപ്പെടുത്തുമെന്ന സർക്കാർ വാഗ്ദാനമനുസരിച്ച് ഉത്തരവിറക്കിക്കാൻ പരിശ്രമിക്കും. എഫ്.ഐ.പി ആനുകൂല്യം ലഭിക്കാനുള്ള പ്രായം 45ൽ നിന്നുയർത്തണമെന്ന് ആവശ്യപ്പെടുന്നതാണ്. പ്രീഡിഗ്രി പുനഃസംഘാടനം എത്രയും വേഗം പൂർത്തിയാക്കണമെന്നും പുതിയ കോഴ്സുകൾ കോളജുകളിൽ തുടങ്ങണമെന്നും സർക്കാരിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

## മേയ് 27ന് തിരുവനന്തപുരത്തുചേർന്ന യോഗം

എ.കെ.പി.സി.റ്റി.എ സംസ്ഥാന കമ്മിറ്റി ഓഫീസിൽ മെയ് 27ന് ചേർന്ന പ്രവർത്തക സമിതി യോഗത്തിൽ വൈസ് പ്രസിഡന്റ് ഡോ.പി.ജെ.ഫിലിപ്പ് അധ്യക്ഷതവഹിച്ചു. തകഴി ശിവശങ്കരപ്പിള്ള, ടി.എൻ. ഗോപിനാഥൻനായർ, കാട്ടാക്കട ക്രിസ്ത്യൻ കോളേജ് അധ്യാപകനും എ.കെ.പി.സി.റ്റി.എ.യുടെ സജീവ പ്രവർത്തകനുമായിരുന്ന പ്രൊഫ. രാജരത്നം, റിട്ട. അധ്യാപകൻ പ്രൊഫ. കേശവൻനായർ എന്നിവരുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി. അഞ്ചാം യു.ജി.സി ശമ്പളപരിഷ്കാരം നടപ്പിലാക്കി കിട്ടുന്നതിനായി നടത്തിയിട്ടുള്ള പ്രർത്തനങ്ങൾ ജനറൽ സെക്രട്ടറി വിശദീകരിച്ചു. ഇതിനായി സെൽ രൂപീകരിച്ചാൽ ഉണ്ടാകുന്ന കാലതാമസം ഗവൺമെന്റിനെ ബോധ്യപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ശമ്പളപരിഷ്കാരം നടപ്പിലാക്കിക്കൊണ്ടുള്ള ഉത്തരവിറക്കുന്നതിന് ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ അംഗീകാരമായി. ഇനി ക്യബിനറ്റ് തീരുമാനമുണ്ടാകണം. പ്രൊമോഷൻ/ പ്ലേസ്മെന്റ് പ്രശ്നത്തിൽ ഗവൺമെന്റ് ഇറക്കിയ ഉത്തരവിന് ക്ലാരിഫിക്കേഷൻ ഇറക്കുന്ന പ്രശ്നം വിദ്യാഭ്യാസമന്ത്രിയും ഹയർ എഡ്യുക്കേഷൻ സെക്രട്ടറിയും എ.കെ.പി.സി.റ്റി.എ പ്രതിനിധികളും ചേർന്ന് ചർച്ച നടത്തി. സ്ക്രീനിങ് കമ്മിറ്റി രൂപീകരിക്കുന്നതുവരെ മാനേജ്മെന്റ് പ്രൊമോട്ട് ചെയ്യുകയും യൂണിവേഴ്സിറ്റി അപ്രൂവൽ നൽകുകയും ചെയ്യുന്ന അധ്യാപകർക്ക് ശമ്പളം നൽകാനുള്ള ക്ലാരിഫിക്കേഷൻ ഉടനേ ഇറക്കാമെന്ന് തീരുമാനമായിട്ടുണ്ട്. ക്യാബിനറ്റിന്റെ അംഗീകാരം ഇതിനുവേണം. ഡി.സി.ഇ, ഡെപ്യൂട്ടി ഡി.സി.ഇ ഓഫീസുകളിൽ ചുമതലക്കാരായ ഉദ്യോഗസ്ഥരില്ലാത്ത പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി.

## പ്രൊഫ. സുധീഷിനെ തിരിച്ചെടുക്കണം

പുനലൂർ എസ്.എൻ.കോളജിൽനിന്നും പിരിച്ചുവിടപ്പെട്ട പ്രൊഫ. എസ്.സുധീഷിനെ തിരിച്ചെടുക്കണമെന്ന് മാനേജ്മെന്റിനോട് ആവശ്യപ്പെട്ടു. നേരത്തെ സംഘടന ഇക്കാര്യം ആവശ്യപ്പെട്ടപ്പോൾ കോടതിക്കേസ് തീരുമാനമാകട്ടെ എന്നാണ് മുമ്പ് തന്നെ. ഇപ്പോൾ യൂണി. അപ്പലേറ്റ് ട്രൈബ്യൂണലിന്റെ വ്യക്തമായ വിധി വന്ന സാഹചര്യത്തിൽ സുധീഷിനെ തിരിച്ചെടുക്കാൻ സംഘടന വീണ്ടും ആവശ്യപ്പെട്ടു. എസ്.എൻ.മാനേജ്മെന്റ് അധ്യാപകവിരുദ്ധ നിലപാടുകൾ തിരുത്തുന്നില്ലെങ്കിൽ പ്രക്ഷോഭപരിപാടികൾ ആവിഷ്കരിക്കാനും സംഘടന തീരുമാനിച്ചു. മേയ് 31ന് മാനേജ്മെന്റുമായി നടക്കുന്ന ചർച്ചയിൽ ഈ പ്രശ്നങ്ങൾ ഉന്നയിക്കുന്നതാണ്.

എൻ.എസ്.എസ് മാനേജ്മെന്റുമായി മെയ് 25ന് ചർച്ച നടന്നു. സ്ഥലംമാറ്റം നോംസ് അനുസരിച്ചേ നടത്തുകയുള്ളുവെന്ന് മാനേജ്മെന്റ് സമ്മതിച്ചിട്ടുണ്ട്. കേരള യൂണിവേഴ്സിറ്റി മേഖലയിൽ സബ്ജക്ട് അടിസ്ഥാനത്തിലുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാമെന്നും സമ്മതിച്ചിട്ടുണ്ട്. ദേവസ്വംബോർഡ് പ്രസിഡന്റുമായി ഡി.ബി കോളജ് പ്രശ്നങ്ങൾ സംസാരിച്ചു. ജൂൺ മധ്യത്തോടെ വിശദമായ കോൺഫറൻസ് നടത്താമെന്ന് സമ്മതിച്ചിട്ടുണ്ട്.

കേരളത്തിലെ ഉന്നത വിദ്യാഭ്യാസമേഖലക്ക് കൂടുതൽ ഫണ്ട് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു നിവേദനം കേരളം സന്ദർശിക്കുന്ന ഫിനാൻസ് കമ്മീഷന് സംഘടന നൽകുന്നതാണ്.

ദേവസ്വംബോർഡ്, എം.ഇ.എസ് കോളജുകളിലെ കൗൺസിലർമാരുടെ യോഗം വിളിച്ചുകൂട്ടും.

കേരള സർക്കാർ അനുവാദം നൽകിയിട്ടുള്ള സെൽഫ് ഫിനാനൻസിങ് കോളജുകളിൽ മെരിറ്റ് അട്ടിമറിക്കാൻ പാടില്ലെന്ന് പ്രവർത്തക സമിതി ആവശ്യപ്പെട്ടു. പരീക്ഷണാടിസ്ഥാനത്തിൽ വേണം ഈ സ്ഥാപനങ്ങളെ കാണാൻ. സംവരണാനുകൂല്യങ്ങൾ നിലനിർത്തണം. ഒരിക്കലും വിദ്യാഭ്യാസം കച്ചവടമാകാൻ പാടില്ല. പ്രൊഫഷണൽ രംഗത്ത് മാത്രമേ ഇത്തരം സ്ഥാപനങ്ങൾ തുടങ്ങാവൂ.

## പ്രൊഫ.എസ്.വിശ്വനാഥൻ സ്ഥാനാർത്ഥി

കേരള യൂണിവേഴ്സിറ്റി സെനറ്റിലേക്ക് രജിസ്റ്റേഡ് ഗ്രാജ്വറ്റ് മണ്ഡലത്തിൽനിന്നുള്ള തെരഞ്ഞെടുപ്പിൽ എ.കെ.പി.സി.റ്റി.എ. പിന്തുണയുള്ള സ്ഥാനാർത്ഥിയായി സംഘടനയുടെ മുൻ പ്രസിഡന്റ് പ്രൊഫ. എസ്. വിശ്വനാഥനെ നിശ്ചയിച്ചു. അദ്ദേഹത്തിന്റെ വിജയത്തിനു വേണ്ടി പ്രവർത്തിക്കാൻ എല്ലാ അംഗങ്ങളോടും അഭ്യർത്ഥിക്കുന്നു.

## കേരള യൂണി. സെനറ്റ് തെരഞ്ഞെടുപ്പ്

അധ്യാപക മണ്ഡലത്തിൽനിന്നും കേരള യൂണിവേഴ്സിറ്റി സെനറ്റിലേക്കുള്ള തെരഞ്ഞെടുപ്പ് വരാൻ

പോവുകയാണ്. സ്ഥാനാർഥികളെ നിശ്ചയിക്കുന്നതിനായി ബ്രാഞ്ചുകളിൽനിന്നും നിർദ്ദേശം ക്ഷണിച്ചു. ഓരോ ബ്രാഞ്ചിൽനിന്നും മുന്നിൽ കവിയാത്ത പേരുകൾ വിശദമായ ബയോഡേറ്റ സഹിതം ജൂൺ 20നകം ജനറൽ സെക്രട്ടറിക്ക് അയച്ചുകൊടുക്കണം.

### മെമ്പർഷിപ്പ് വേഗം അയയ്ക്കണം

മെമ്പർഷിപ്പ് തുക ജൂണിൽത്തന്നെ ശേഖരിച്ച് അയയ്ക്കണം. ജില്ലാ പ്രവർത്തനഫണ്ടായി അംഗമൊന്നിന് 25 രൂപ പ്രത്യേകം പിരിക്കാൻ നിശ്ചയിച്ചു. ജൂൺ അവസാനം കൗൺസിൽ [illegible]ളിച്ചുചേർക്കണം. പ്രവർ[illegible] സമിതി അംഗങ്ങളുടെ കോളജ് [illegible] ജൂൺ 10 നുമുമ്പ് മെമ്പർഷിപ്പ് തുക അഡ്വാൻസായോ, പിരിച്ചോ അയച്ചുതരണം.

### ജൂൺ-ജൂലൈ മാസങ്ങളിൽ കോളേജ് സന്ദർശനം

എല്ലാ കോളജുകളിലും ജൂൺ-ജൂലൈ മാസങ്ങളിൽ സന്ദർശനം നടത്താൻ പ്രവർത്തകസമിതി നിശ്ചയിച്ചു. കേരള യൂണിവേഴ്സിറ്റി മേഖലയിലായിരിക്കും ആദ്യം നടത്തുക.

### സംഘടനാ മെമ്പർഷിപ്പ് ഉയർത്തുക

ഈ വർഷം മെമ്പർഷിപ്പ് 5000 ആയി ഉയർത്താൻ കഴിയണം. എല്ലാ ബ്രാഞ്ചുകളിലും കഴിയുന്നത്ര അധ്യാപകരെ സംഘടനയിലേക്ക് കൊണ്ടുവരണം. ഇതിനായി ജില്ലാ കമ്മിറ്റികൾ ബ്രാഞ്ചുകൾക്ക് ക്വാട്ട നിശ്ചയിച്ചു നൽകണം.

ബിൽഡിങ് ഫണ്ട് കുടിശ്ശിക ശേഖരിക്കാനും കടംവാങ്ങിയ തുക തിരിച്ചുനൽകാനും തീരുമാനിച്ചു. ഡയറക്ട് ആക്ഷൻ, ലീഗൽ ഫണ്ട് കുടിശ്ശികയും പിരിച്ചെടുക്കണം. മേഖലാ സെക്രട്ടറിമാർ ജില്ലാ കൗൺസിൽ യോഗങ്ങളിൽ പങ്കെടുക്കണം.

### ജേർണൽ

'കേരള പ്രൈവറ്റ് കോളേജ് ടീച്ചറി'ന്റെ എഡിറ്റോറിയൽ ബോർഡ് യോഗം ചേർന്ന് ജൂൺ മാസം മുതൽ തന്നെ ജേർണൽ ഇറക്കാൻ തീരുമാനിച്ചു. ഓരോ ജില്ലയും പതിനായിരം രൂപയുടെ പരസ്യങ്ങൾ ഈ വർഷം ശേഖരിക്കണം. ജില്ലാ-ബ്രാഞ്ച് റിപ്പോർട്ടുകൾ ജേർണലിലേക്ക് അയച്ചുതരാൻ ഒരാളെ ജില്ലയിൽ ചുമതലപ്പെടുത്തണം. എത്ര കോപ്പികൾ വീതം വേണമെന്ന് [illegible]രാ ബ്രാഞ്ചും മാനേജിങ് എഡിറ്ററെ അറിയിക്കണം. കുടുതൽ [illegible]രെ ചേർക്കാൻ ബ്രാഞ്ചുകൾ ശ്രമിക്കണം.

### മറ്റാവശ്യങ്ങൾ

കണ്ണൂർ യൂണിവേഴ്സിറ്റിയിൽ അക്കാദമിക് കൗൺസിലും ബോർഡ് ഓഫ് സ്റ്റഡീസും രൂപീകരിക്കണം.

കോളജുകളിൽ യൂണിവേഴ്സിറ്റി അംഗീകരിച്ച കോഴ്സുകൾ മാത്രമേ നടത്താവൂ.

അധ്യാപകരുടെ പ്രൊമോഷനുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റികളിൽ സ്ക്രീനിങ് കമ്മിറ്റികൾ രൂപീകരിക്കണം.

വർക്ക്ലോഡ് ഇല്ലാതെ വരുമ്പോൾ അധികം വരുന്ന അധ്യാപകരെ പ്രൊട്ടക്ട് ചെയ്യുന്ന ഓർഡർ സർക്കാർ പുറപ്പെടുവിക്കണം.

വി.എൻ.മുരളി
ജനറൽ സെക്രട്ടറി


**CHAND PUBLICATIONS**

NALANCHIRA, TRIVANDRUM 15 TEL: 530648

*Our Publications :*

ACCOUNTING AND COSTING (PRE-DEGREE) ACCOUNTING (B.COM), ADVANCED ACCOUNTING, HIGHER ACCOUNTING, COSTING FOR MANAGEMENT, BUSINESS STATISTICS, ENTREPRENEURSHIP DEVELOPMENT, PRINCIPLES OF MARKETING, AUDITING

*Our Team of Authors :*

Dr.K.G.C.Nair Reader & Head, Mar Ivanios College, Trivandrum; Mr.P.Haridas M.Sc (Maths), M.Com, AICWA. S.N.College, Kollam; Mr.K.K.John, Mar Ivanios College, Trivandrum; Mr.K.Vijayakumar, Head, M.G.College, Trivandrum; Mr.S.Aiyappan, Govt. Arts College, Trivandrum; Mr.Jayan, N.S.S.College, Changanacherry; Mr.M.Raveendran, M.G.College, Trivandrum; Dr.Harindranath, M.G.College, Trivandrum; Dr.V.Harikumar, M.G.College, Trivandrum; Dr.Johnson, F.M.N College, Kollam; Dr.Diji James, Mar Ivanios College, Trivandrum; Dr.Pushpa, All Saints College, Trivandrum; Dr.Dipa, N.S.S. College, Dhanuvachapuram, Trivandrum.

*With best compliments from:*

**V.J.JOSEPH JEWELLERS**

CHERTHALA

Phone :(0478) 812510, (Res)812310

മറ്റു സംഘടനകൾ മാനേജുമെന്റുകളോടു ചേർന്നുനിന്ന് അധ്യാപകദ്രോഹം തുടരുകയാണ്. ഏറ്റവും ഒടുവിൽ സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിക്കാനുള്ള അധികാരം യൂണിവേഴ്സിറ്റികൾക്കായിരിക്കണമെന്ന നിയമഭേദഗതി സെനറ്റിൽ മാനേജരോടൊപ്പംനിന്ന് വോട്ടിനിട്ടു തള്ളാൻ കൂട്ടുനിന്നത് ഈ സംഘടനകളാണ്. മാനേജരുടെ കോടാലി കൈകളാകാൻ ഇവർക്കൊരുമടിയുമില്ല. മുമ്പ് ഇൻട്രാ യൂണിവേഴ്സിറ്റി ട്രാൻസ്ഫർ നോംസ് സിൻഡിക്കേറ്റിൽ വോട്ടിനിട്ടപ്പോൾ അതിനെതിരെ ഒരു സംഘടനാ നേതാവ് വോട്ടു ചെയ്തു. അയാളുടെ ഒറ്റവോട്ടിലാണ് അന്ന് ആ നിയമം പരാജയപ്പെട്ടത്. ഇതൊക്കെ നമ്മൾ അറിഞ്ഞിരിക്കണം.

അവകാശങ്ങൾക്കുവേണ്ടിമാത്രമായി നിലകൊള്ളുന്ന സംഘടനയല്ല എ.കെ.പി.സി.ടി.എ. നമ്മുടെ കടമകൾ ചുമതലാബോധത്തോടെ നിറവേറ്റണം. വിദ്യാർത്ഥികളോടുള്ള ഉത്തരവാദിത്തം നിറവേറ്റുന്നതിൽ യാതൊരു വീഴ്ചയും വരാൻ പാടില്ല. വിദ്യാഭ്യാസ പരിഷ്കാരങ്ങൾക്കായി നമ്മുടെ ശ്രമം തുടരുകയാണ്. സിലബസ് പരിഷ്കരണ രംഗത്ത് നമ്മൾ നടത്തിയ പ്രവർത്തനം ഏറെ പ്രശംസിക്കപ്പെട്ടിട്ടുണ്ട്. പരീക്ഷാപരിഷ്കരണ ജോലികളിലാണ് നമ്മളിപ്പോൾ. പ്രീഡിഗ്രി പുനഃസംഘാടനം പൂർത്തിയാകുന്നതോടെ കോളജന്തരീക്ഷത്തിൽവരുന്ന മാറ്റം വളരെ വലുതായിരിക്കും. ആധുനിക കാലത്തിനു യോജിച്ച കോഴ്സുകളും പഠന രീതികളും പുതുതായി ഉണ്ടാകണം. ഇക്കാര്യത്തിലും നമ്മുടെ ചുമതലകൾ വലുതാണ്.

ഉറച്ച സംഘടനാ ബോധവും ഐക്യത്തോടെയുള്ള പ്രവർത്തനവും ആവശ്യപ്പെടുന്നതാണ് ഈ സന്ദർഭം. പുതിയൊരു അക്കാദമിക് വർഷം തുടങ്ങുകയാണ്. ആലസ്യത്തിൽനിന്നും ഉണരാനും അപകടങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കാനും അധ്യാപകർ തയ്യാറാകണം. നമ്മുടെ നേട്ടങ്ങൾ ആരുടെയും ഔദാര്യത്തിൽനിന്നും ഉണ്ടായിട്ടുള്ളതല്ല. സംഘടിത ശക്തിയുടെ കരുത്താണ് നമ്മുടെ നേട്ടം. ആ കരുത്ത് ആവുന്നത്ര വർദ്ധിപ്പിക്കുക. സംഘടനയാണ് നമ്മുടെ ശക്തി.

## എ.കെ.പി.സി.ടി.എ.ക്ക് എതിരില്ല

തേവര എസ്.എച്ച് കോളേജ് കൗൺസിലിലേക്കുള്ള അധ്യാപക പ്രതിനിധികളുടെ തെരഞ്ഞെടുപ്പിൽ പ്രൊഫ.ടി.പി.തോമസ്, ജോസഫ് ടി. മൂലയിൽ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. എ.കെ.പി.സി.ടി.എ സ്ഥാനാർത്ഥികളായ ഇവർക്കെതിരെ മത്സരിക്കാൻ സ്ഥാനാർത്ഥികളില്ലായിരുന്നു.

*അഭിനന്ദനങ്ങൾ*

## എൻ.എസ്. എസ്.കോളജുകളിൽനിന്നും വിരമിച്ച അധ്യാപകർക്ക് യാത്ര അയപ്പ് നൽകി.

വിവിധ എൻ.എസ്.എസ്. കോളജുകളിൽ നിന്നും വിരമിച്ച അധ്യാപകർക്ക് എ.കെ.പി.സി.ടി.എ – എൻ.എസ്.എസ്. കോളജ് ടീച്ചേഴ്സ് കോ-ഓർഡിനേഷൻ കൗൺസിൽ യാത്ര അയപ്പ് നൽകി. ചേർത്തല എൻ.എസ്.എസ്. കോളജിൽ പ്രൊഫ.ജി.പ്രകാശിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം എ.കെ.പി.സി. ടി.എ സംസ്ഥാന പ്രസിഡന്റ് പ്രൊഫ. ജോയ് ജോബ് കുളവേലിൽ ഉദ്ഘാടനം ചെയ്തു. കേരള സർവകലാശാല സിൻഡിക്കേറ്റ് അംഗം പ്രൊഫ. ടി.എൻ.രാമൻപിള്ള, മഹാത്മാഗാന്ധി സർവകലാശാല സിൻഡിക്കേറ്റംഗം പ്രൊഫ.കെ. സദാശിവൻ നായർ, കോളേജ് പ്രിൻസിപ്പൽ പ്രൊഫ.വി.എൻ.നാരായണപിള്ള, പ്രൊഫ. ജി.മാധവൻനായർ, പ്രൊഫ. ആർ. രവീന്ദ്രൻനായർ എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. വിരമിച്ച അധ്യാപകരായ പ്രൊഫ. എബ്രഹാം ജോസഫ് (ഒറ്റപ്പാലം), പ്രൊഫ.ജി. പ്രഭാകരൻനായർ, പ്രൊഫ.വി.എ. റോയ്, എ.എൻ. തുളസീദാസ് (വാഴൂർ), പ്രൊഫ. കെ.വിജയശങ്കർ, പ്രൊഫ.വി. എൻ.രാമചന്ദ്രൻ നായർ, പ്രൊഫ.ജി.ആർ രാജഗോപാലക്കുറുപ്പ് (ചങ്ങനാശ്ശേരി), പ്രൊഫ. ആർ.രാജൻ, പ്രൊഫ. കെ.എൻ. സുരേന്ദ്രനാഥവർമ്മ, പ്രൊഫ.ബി. ശാരദാമ്മ, പ്രൊഫ.എസ്. രാജശേഖരൻ നായർ (ചേർത്തല), പ്രൊഫ.പി. ഗോപാലകൃഷ്ണപിള്ള, ഡോ.കെ.എൻ. പരമേശ്വരക്കുറുപ്പ്, പ്രൊഫ. ജെ.ശ്രീകുമാരി, പ്രൊഫ.ജി. സോമനാഥൻ നായർ (പന്തളം), പ്രൊഫ.ടി. ശാന്തകുമാരി (എം.ജി. കോളജ്) പ്രൊഫ.ജി. ഉണ്ണികൃഷ്ണ പണിക്കർ (ധനുവച്ചപുരം) എന്നിവർ മറുപടി പ്രസംഗങ്ങൾ നടത്തി.

കോ- ഓർഡിനേഷൻ സെക്രട്ടറി പ്രൊഫ. എ.പ്രതാപചന്ദ്രൻനായർ സ്വാഗതവും ട്രഷറർ പ്രൊഫ.പി.ജി.ബാലകൃഷ്ണൻ കൃതജ്ഞതയും പറഞ്ഞു.

## എ.കെ.പി.സി.റ്റി.എ. സംസ്ഥാന കമ്മിറ്റി ഓഫീസിൽ കമ്പ്യൂട്ടർ

ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന കമ്മിറ്റി ഓഫീസിൽ കമ്പ്യൂട്ടർ സ്ഥാപിച്ചു.

# ഗുരു നിത്യചൈതന്യയതി

പ്രൊഫ.ജി.മാധവൻനായർ

1989ൽ ശ്രീ.ഒ.എൻ.വി.കുറുപ്പിന്റെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്തശേഷം പുറത്തു വരുമ്പോഴാണ് തൊട്ടടുത്ത രാജധാനി ആഡിറ്റോറിയത്തിൽ ഗുരുനിത്യചൈതന്യയതിയുടെ പ്രഭാഷണം നടക്കുന്ന വിവരമറിയുന്നത്. ഏറെ നാളായി ഗുരുവിനെ കാണണമെന്ന് ആഗ്രഹിച്ചിരിക്കയായിരുന്നു. നേരേ രാജധാനി ആഡിറ്റോറിയത്തിലേക്ക് കയറിചെന്നു. വാതുക്കൽ എന്റെ പഴയ ചില വിദ്യാർത്ഥികളെ കണ്ടപ്പോൾ സന്തോഷമായി. ഇടതുപക്ഷക്കാരനും സംഘടനാ പ്രവർത്തകനുമായ എന്നെ അവിടെ കണ്ടതിൽ തെല്ലൊരത്ഭുതം ചില വിദ്യാർത്ഥികൾ കാണിച്ചെങ്കിലും അവർ ഉത്സാഹത്തോടെ എന്നെ ഹാളിലേക്ക് കൊണ്ടുപോയി.

ഗുരുവിന്റെ പ്രഭാഷണം തുടങ്ങിക്കഴിഞ്ഞിരുന്നു. ജീവിതത്തിലുണ്ടാവുന്ന യാദൃശ്ചിക സംഭവങ്ങളെപ്പറ്റി ഗുരു അന്ന് പറഞ്ഞത് ഞാൻ ഇപ്പോഴും വ്യക്തമായി ഓർക്കുന്നു. പണത്തിനു ബുദ്ധിമുട്ടുള്ളപ്പോൾ അപ്രതീക്ഷിതമായി എവിടെ നിന്നെങ്കിലും പണം ലഭിക്കുക, ഒരാളുടെ സഹായം ആവശ്യമായി വരുമ്പോൾ ആ ആൾതന്നെ അവിചാരിതമായി സ്ഥലത്തെത്തുക– ഇങ്ങിനെയുള്ള അനുഭവങ്ങളെപ്പറ്റി ഗുരു വിശദമായി സംസാരിച്ചു. പ്രഭാഷണം കഴിഞ്ഞ് പുറത്തുവന്നപ്പോൾ ഗുരുവുമായി പരിചയപ്പെടണമോ എന്നു സുഹൃത്തുക്കൾ ചോദിച്ചു. ഏറെ ആഗ്രഹമുണ്ടായിരുന്നെങ്കിലും തെരക്കിനിടയിൽ അത് അഭംഗിയാകില്ലേ എന്നു കരുതി ഞാൻ മടിച്ചുനിന്നു. അപ്പോഴേക്കും ഗുരു നടന്നെത്തുകയും കുട്ടികൾ എന്നെ പരിചയപ്പെടുത്തുകയും ചെയ്തു. ഏറെ നാളത്തെ പഴക്കമുള്ള ഒരു സുഹൃത്തിനോടെന്നപോലെയാണ് ഗുരു എന്നോട് സംസാരിച്ചത്. അന്നു തുടങ്ങിയ ബന്ധം ഗുരുവിന്റെ അവസാന നാൾവരെ ശക്തമായിത്തന്നെ തുടർന്നു.

കേരളത്തിലും ഊട്ടിയിലുമുള്ള ഗുരുകുലങ്ങളിൽവച്ചും സുഹൃത്തുക്കളുടെ വീടുകളിൽവെച്ചും ഗുരുവുമായി പല വിഷങ്ങളെപ്പറ്റിയും ഞാൻ സംസാരിച്ചിട്ടുണ്ട്. ഗുരുവിനു ഏറ്റവും പ്രിയപ്പെട്ട കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തെപ്പറ്റി, ട്രെയ്ഡ് യുണിയൻ പ്രർത്തനത്തെപ്പറ്റി, സാമുഹ്യ പ്രവർത്തനത്തെപ്പറ്റിയൊക്കെ ഗുരു പറഞ്ഞിട്ടുണ്ട്. എനിക്കു കിട്ടിയ ആദ്യ സന്ദർഭത്തിൽത്തന്നെ ഞാൻ ഒരിടതുപക്ഷക്കാരനാണെന്നും ഞാൻ ഓർമ്മിപ്പിച്ചു. 18–ാമത്തെ വയസ്സിൽ ഗുരു കമ്യൂണിസ്റ്റു കാരനായിരുന്നുവെന്നും സായുധ വിപ്ളവത്തിലൂടെ മാത്രമെ ഇന്ത്യക്കു സ്വാതന്ത്ര്യം കിട്ടുകയുള്ളുവെന്നും ഗാന്ധിജിയോടു വാർദ്ധയിൽ ചെന്ന് വാദിച്ചിരുന്നു എന്നും ഗുരു എന്നോടു പറഞ്ഞു. അന്ന് ഗാന്ധിജി പറഞ്ഞ വാക്കുകളാണ് ഗുരുവിന്റെ മുമ്പിൽ പുതിയൊരു കവാടം തുറന്നുകൊടുത്തത്. ഒരു സത്യാന്വേഷിക്ക് ഒരു ചട്ടക്കൂടിലും ഒതുങ്ങിനിൽക്കാനാവില്ല, അയാൾ തന്റെ മനസ്സിന്റെ എല്ലാ കവാടങ്ങളും എപ്പോഴും തുറന്നിടുകതന്നെ വേണം.

ഇത്രയേറെ സ്വാതന്ത്ര്യബോധമുള്ള ഒരു സന്യാസിയെ കണ്ടെത്താൻ കഴിയില്ല. അതുകൊണ്ടുതന്നെ മറ്റുള്ളവരുടെ സ്വതന്ത്ര്യത്തിൽ ഗുരു ഒരിക്കലും കൈകടത്താറുമില്ല. കഴിഞ്ഞ 10 വർഷത്തെ ബന്ധത്തിനിടയിൽ ഒരിക്കൽപോലും എന്റെ രാഷ്ട്രീയ വിശ്വാസത്തെപ്പറ്റിയോ, പ്രവർത്തനത്തെപ്പറ്റിയോ, ഗുരു അന്വേഷിച്ചിട്ടില്ല. എന്നാൽ പരമമായ സത്യത്തെപ്പറ്റിയും അത് കണ്ടെത്താനുള്ള മാർഗ്ഗത്തെപ്പറ്റിയും ഞാൻ ഉൾപ്പെടുന്ന സദസ്സുകളിൽ ഗുരു സംസാരിച്ചിട്ടുണ്ട്. അന്വേഷിക്കുന്നവൻ കണ്ടെത്തിക്കൊള്ളട്ടെ എന്ന അർത്ഥത്തിൽ ഗുരുവിന്റെ ഈ സമീപനം എന്നെകുറച്ചൊന്നുമല്ല സ്വാധീനിച്ചിട്ടുള്ളത്.

1984 നു ശേഷം ഗുരു ഏറെ സമയവും ഊട്ടിയിലാണ് താമസിച്ചിരുന്നതെങ്കിലും വർഷത്തിൽ മൂന്നു നാലുമാസം കേരളത്തിൽ ചെലവഴിക്കുക പതിവായിരുന്നു. ഈ സന്ദർഭങ്ങളിലൊക്കെ കേരളത്തിലെ കലാ സാംസ്ക്കാരിക മണ്ഡലങ്ങളിൽ ഊർജ്ജസ്വലമായി ഇടപെടുകയും ചെയ്തിരുന്നു. രാഷ്ട്രീയ പാർട്ടികളുടെയും ആർ.എസ്.എസ് പോലുള്ള സംഘടനകളുടെയും പ്രവർത്തനങ്ങളെപ്പറ്റി സ്വന്തം അഭിപ്രായം വെട്ടിത്തുറന്നുപറയാൻ ഗുരു ഒരിക്കലും മടിച്ചിട്ടില്ല. സ്ത്രീയായതുകൊണ്ട് പത്തനംതിട്ട ജില്ലാ കളക്ടറായിരുന്ന വത്സലാകുമാരിക്ക് ശബരിമലയിൽ വിലക്കു കല്പിച്ചപ്പോൾ ആ തീരുമാനത്തിന്റെ അശാസ്ത്രീയതയെപ്പറ്റി ഗുരു രോഷം കൊണ്ടത് അക്കൊല്ലം ഗുരുകുല കൺവൻഷനിൽ പങ്കെടുത്തവരെ അത്ഭുതപ്പെടുത്തിയിരിക്കുമെന്നാണ് തോന്നുന്നത്.

വിവാഹം തടയരുത് എന്നു നാരായണഗുരു പറഞ്ഞ കാര്യം ഗുരു പലപ്പോഴും ഓർമ്മിപ്പിച്ചിട്ടുണ്ട്. ഗുരുകുല ശിഷ്യന്മാരിൽ ഒരാൾ വിവാഹിതനാണ്. അവർ രണ്ടുപേരും സന്യാസിമാരായി കുട്ടികളോപ്പമാണ് ബാംഗ്ളൂരിൽ കഴിയുന്നത്. വ്യത്യസ്ത മത വിഭാഗങ്ങളിൽപെട്ടവർ വിവിധ ഗുരുകുലങ്ങളിൽ ബ്രഹ്മചാരികളായും സന്യാസിമാരായും പ്രവർത്തിക്കുന്നുണ്ട്. ഷൗക്കത്തും, ജോസഫും, പ്രമോദും

കരുണാകരനുമൊക്കെ ഗുരുകുലത്തിലെ അന്തേവാസികളാണ്. വിവിധ മതങ്ങളിൽപെട്ടവർ, വിവിധ രാജ്യങ്ങളിലുള്ളവർ, കുഞ്ഞുങ്ങൾ, സ്ത്രീകളുൾപ്പെടെ വിവിധ പ്രായത്തിലുള്ളവർ ഇവരെല്ലാം ഒരമ്മ പെറ്റമക്കളെപ്പോലെ ഊട്ടി ഗുരുകുലത്തിൽ സ്വയം പാചകംചെയ്തും ചിലപ്പോൾ പാട്ടുപാടിയും ഡാൻസ് ചെയ്തും ഗൗരവമേറിയ കാര്യങ്ങളെപ്പറ്റി ചർച്ചകൾ നടത്തിയും കഴിഞ്ഞുകുടുന്നത് അത്യന്തം ആഹ്ളാദകരമായ അന്തരീക്ഷത്തിലാണ്. കേട്ടുപരിചയിച്ച ആശ്രമ സങ്കല്പങ്ങളെ തകിടം മറിക്കുന്ന ഈ അനുഭവം ഗുരുനിത്യചൈതന്യയതിയുടെ ഗുരുകുലത്തിൽ നിന്നു മാത്രമേ ലഭ്യമാകു എന്ന് എനിക്കു തോന്നുന്നു. ജീവിതത്തെ സ്നേഹിച്ച, മനുഷ്യനെ സ്നേഹിച്ച, എന്നാൽ വൈയക്തികമായ സ്നേഹബന്ധങ്ങളിൽ നിന്ന് അകന്നുനിന്ന ഗുരു ഒരു അത്ഭുത പ്രതിഭാസം തന്നെയായിരുന്നു. ഒരിക്കൽ ഞാനും കുടുംബവും ഗുരുവുമായി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ഗുരു എന്റെ മകളോടായി പറഞ്ഞു "ഇവരൊക്കെ നിന്നെ സ്നേഹിക്കുന്നത് അവർക്കു വേണ്ടിയാണ്. നിനക്കു വേണ്ടി നിന്നെ സ്നേഹിക്കുന്നത് ഞാൻ മാത്രമെയുള്ളു."

